**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4656** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യ വിപണന കേന്ദ്രത്തിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ പഞ്ചായത്തുകളിലും മത്സ്യഭവനുകൾ നിലവിലുണ്ടോ; എങ്കിൽ മത്സ്യഭവന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മത്സ്യഭവനുകൾ നിലവിലില്ല. ആകെ 67 മത്സ്യഭവനുകളാണ് നിലവിലുള്ളത് ഇതിൽ 55 എണ്ണം മത്സ്യത്തൊഴിലാളികൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന തീരദേശങ്ങളിലും 12 എണ്ണം ഇൻലാൻഡ് മേഖലയിലുമാണ് പ്രവർത്തിച്ചു വരുന്നത്.<br><br>29.10.2019-ലെ സ.ഉ. (പി) നം. 40/2019/ മ.ത്സ്യ.വ. പ്രകാരം സർക്കാർ മത്സ്യഭവനുകളുടെ അധികാര പരിധി നിശ്ചയിച്ചിട്ടുണ്ട്. മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് ഓഫീസർ ലെവൽ ഓഫീസർമാരാണ് ചുമതലയിലുള്ളത്. മത്സ്യബന്ധന മേഖലയിലെ വിവിധ വികസന ക്ഷേമ പദ്ധതികളുടെ നിർവ്വഹണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ഘടക പദ്ധതികളുടെ നിർവ്വഹണം എന്നിവയാണ് മത്സ്യഭവന്റെ പ്രധാന ചുമതല. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി വകുപ്പ് നിശ്ചയിക്കും പ്രകാരം ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, വിവിധ പദ്ധതികളെ സംബന്ധിച്ച് മത്സ്യകർഷകർക്ക് വേണ്ട അവബോധം നൽകുക, സർക്കാരിന്റെയും വകുപ്പിന്റെയും പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് താഴെ തട്ടിലെ ജനങ്ങളിലേയ്ക്ക് എത്തിക്കുക, മത്സ്യ കർഷക വികസന |

| | | | |
|---|---|---|---|
| | | | ഏജൻസിയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക എന്നിവയൊക്കെയാണ് മത്സ്യഭവൻ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ. |
| (ബി) | മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021- 22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു വരുന്നു. 2020-21 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി 53.925 കോടി രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക്ക് അക്വാകൾച്ചർ സിസ്റ്റം എന്ന നൂതന മത്സ്യകൃഷി രീതികളും അഡാക്ക് മുഖേന ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ പി.എം.എം.എസ്. വൈ പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരള പദ്ധതി വഴി 3.2 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷിയും നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ കൃഷി രീതികളായ ബയോഫ്ളോക്, റീസർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം (RAS) , ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരു ജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഈ പദ്ധതികൾക്കുപരി 2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപയും, പിന്നാമ്പുറ വിത്തുല്പ്പാദന യൂണിറ്റുകൾക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മത്സ്യഫെഡിന്റെ കീഴിലുള്ള കോട്ടയം ജില്ലയിലെ പാലായ്ക്കരി ഫിഷ് ഫാമിൽ 75.03 ലക്ഷം രൂപ ചെലവു ചെയ്തും, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഫാമിൽ 13.68 ലക്ഷം രൂപ ചെലവു ചെയ്തും ബണ്ടുകൾ നവീകരിച്ച് ശാസ്ത്രീയ ചെമ്മീൻ കൃഷിയും പൂമീൻ കൃഷിയും 2022 ഏപ്രിൽ മാസം മുതൽ ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | | | പാലായ്ക്കരി ഫാമിൽ കാളാഞ്ചി, ഗിഫ്റ്റ് തിലാപ്പിയ മത്സ്യങ്ങൾ കൂട്ടകളിൽ വളർത്തി വലുതാക്കി ന്യായവിലയ്ക്ക് ആവശ്യാനുസരണം പൊതുജനങ്ങൾക്ക് നൽകി വരുന്നു. |
| (സി) | മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സർക്കാരിന്റെ മത്സ്യ വിപണന കേന്ദ്രത്തിന്റെ പുരോഗതി വിശദമാക്കാമോ? | (സി) | കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ്ബൂത്ത് ആരംഭിക്കു ന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടും, സഹകരണ വകുപ്പുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഫിഷ് മാർട്ടുകൾ ഇല്ലാത്ത 88 നിയോജക മണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ് മാർട്ട്നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടന ത്തിന് സജ്ജമാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുവാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ